Page 1 of 3

കേരളത്തിൽ സ്കൂൾ യൂണിഫോം യഥാസമയം കിട്ടാത്തതും കുട്ടികൾക്ക് സുരക്ഷിതമായ രീതിയിലുള്ളത് കിട്ടാത്തതുമായ ഒരു വലിയ പ്രശ്നം നിലനിൽക്കുന്നു. ഉത്സവകാലത്ത് കൈത്തറിക്ക് റിബേറ്റ് കൊടുക്കുന്നുണ്ട്. കേരളം ഒരു മാതൃകയാകാൻ കഴിയുന്ന വിധത്തിൽ, വിദ്യാഭ്യാസ വകുപ്പും വിവിധ വകുപ്പുകളുമായി ചേർന്ന്, കൈത്തറി തുണിത്തരങ്ങൾകൊണ്ട് സ്കൂൾ യൂണിഫോം നൽകുന്ന ഒരു പാക്കേജിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അങ്ങയുടെ നിർദ്ദേശം വളരെ സ്വീകാര്യമാണ്. വിദ്യാഭ്യാസ വകുപ്പും ധനകാര്യ വകുപ്പുമായി ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ : സർ, കൈത്തറി വ്യവസായം കടുത്ത പ്രതിസന്ധിയിലാണ്. ഈ രംഗത്ത് തൊഴിലാളികൾ കുറഞ്ഞുവരികയാണ്. ഇതിന്റെ പ്രധാനപ്പെട്ട ഒരു കാരണം അവരുടെ വളരെ തുച്ഛമായ വരുമാനമാണ്. ഒരു കാലത്ത് കൈകൊണ്ട് ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നമെന്ന നിലയിൽ വിദേശ മാർക്കറ്റിലും ആഭ്യന്തര മാർക്കറ്റിലും കൈത്തറിക്ക് നല്ല ഡിമാന്റ് ഉണ്ടായിരുന്നു. ഇന്ന് ഈ മാർക്കറ്റ് ദുർബലപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വിദേശ മാർക്കറ്റിൽ കൈത്തറിയുടെ സ്വാധീനം ഉറപ്പിക്കാൻ ഫലപ്രദമായ ഇടപെടൽ നടത്തുമോ ? ഹാൻടെക്സോ ഹാൻവീവോ ഈ കാര്യത്തിൽ ഒന്നും ചെയ്യുന്നില്ല എന്നുള്ളതാണ് സ്ഥിതി.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഹാൻടെക്സിനെയും ഹാൻവീവിനെയും ഏൽപ്പിച്ചാൽ അത് നടക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. അങ്ങയുടെ നിർദ്ദേശം പരിഗണിച്ച് ഗവൺമെന്റ് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**വൈദ്യുതി ബോർഡും ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡും തമ്മിലുള്ള കരാർ**

4 (*334) ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വാങ്ങുന്നതിനായി വൈദ്യുതി ബോർഡും ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കരാറിലെ വ്യവസ്ഥകൾപ്രകാരം വൈദ്യുതി വാങ്ങിയില്ലെങ്കിലും നിശ്ചിത തുക കമ്പനിക്ക് നൽകണമെന്ന് വ്യവസ്ഥയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കരാർ പ്രകാരം 2011-നുശേഷം ഓരോ വർഷവും വാങ്ങിയ വൈദ്യുതിയുടെ അളവ് എത്രയാണ്, ഇപ്പോൾ വൈദ്യുതി വാങ്ങുന്നില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ ഫിക്സഡ് കോസ്റ്റ് ഇനത്തിൽ പ്രസ്തുത കമ്പനിക്ക് തുക നൽകേണ്ടിവന്നിട്ടുണ്ടോ ; വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) വൈദ്യുതി വാങ്ങുന്നതിനായി വൈദ്യുതിബോർഡും ബി.എസ്.ഇ.എസ് കേരള പവർ ലിമിറ്റഡ് (BKPL) എന്ന സ്വകാര്യ വൈദ്യുതി സംരംഭകരും തമ്മിൽ 3-5-1999-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനം സ്ഥാപിച്ചിട്ടുള്ള താപവൈദ്യുതനിലയം പ്രവർത്തന ക്ഷമമായ 31-10-2000 മുതൽ 15 വർഷത്തേക്കാണ് കരാറിന്റെ കാലാവധി. കരാർ പ്രകാരം വൈദ്യുതി ബോർഡ് വാങ്ങുന്ന വൈദ്യുതിക്ക് നൽകേണ്ടുന്ന നിരക്ക് രണ്ട് പാർട്ട് ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ഫിക്സഡ് ചാർജ്ജും വേരിയബിൾ ചാർജ്ജും പ്രതിമാസം ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ വേരിയബിൾ ചാർജ്ജിന് പുറമെ വൈദ്യുതി വാങ്ങിയാലും ഇല്ലെങ്കിലും ഫിക്സഡ് ചാർജ്ജ് നൽകേണ്ടതാണ്. വൈദ്യുതി നിലയം പ്രവർത്തനക്ഷമമായി നിലനിൽക്കുകയും ശേഷിയുടെ 80% എങ്കിലും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തയ്യാറാക്കിയിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി വാങ്ങാൻ കരാർ ചെയ്ത സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്ക് ഉൽപ്പാദനം നിർത്തിവെയ്ക്കപ്പെടുകയോ അല്ലെങ്കിൽ നിയന്ത്രിത അളവിൽ പ്രവർത്തിപ്പിക്കുകയോ ആണെങ്കിൽ ഫിക്സഡ് ചാർജ്ജ് നൽകേണ്ടതാണ്.

(ബി) 2011-ന് ശേഷം ബി.കെ.പി.എൽ.-ൽ നിന്ന് ഓരോ വർഷവും വാങ്ങിയ വൈദ്യുതിയുടെ അളവ് താഴെപ്പറയുംപ്രകാരമാണ്.

| | |
|---|---|
| 2011-12 | 46.61 ദശലക്ഷം യൂണിറ്റ് |
| 2012-13 | 131.3319 ദശലക്ഷം യൂണിറ്റ് |
| 2013-14 | 337.776 ദശലക്ഷം യൂണിറ്റ് |

2013-14-ൽ ഉൽപ്പാദിപ്പിച്ച 337.776 മില്ല്യൺ യൂണിറ്റിൽ 291.68 മില്ല്യൺ യൂണിറ്റ് തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന് നൽകുകയുണ്ടായി. 2014-15 മേയ് മാസം വരെ 10.6429 ദശലക്ഷം യൂണിറ്റ് ഉൽപ്പാദിപ്പിച്ചതിൽ മുഴുവനും തമിഴ്നാട് നൽകുകയാണ് ചെയ്തത്.

കരാറിലേർപ്പെടുമ്പോൾ ടി നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഓരോ യൂണിറ്റിനും ശരാശരി 2 രൂപയിൽ താഴെ മാത്രമെ ഇന്ധനവില ഉണ്ടായിരുന്നുള്ളൂ. എന്നാൽ, ഇന്ധന വിലയിലുണ്ടായ ക്രമാതീതമായ വർദ്ധനവുമൂലം ടി നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വേരിയബിൾ ചാർജ്ജ് ഇപ്പോഴത്തെ നിരക്കിനനുസരിച്ച് 14 രൂപ 21 പൈസയാണ്. ഇലക്ട്രിസിറ്റി ആക്ട്, 2003 നിലവിൽ വന്നതിനുശേഷം ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം, രാജ്യത്ത് വൈദ്യുതി വ്യാപാരികൾ വഴിയും പവർ എക്സ്ചേഞ്ചുകൾ വഴിയും ശരാശരി 4 രൂപ മുതൽ 7 രൂപ വരെ നിരക്കിൽ വൈദ്യുതി ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

Page 3 of 3

ഇക്കാരണത്താൽ വൈദ്യുതി വാങ്ങൽ ചെലവ് പരമാവധി കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് പരമാവധി കുറഞ്ഞ നിരക്കിൽ വൈദ്യുതി എത്തിക്കുന്നതിന്റെയും ഭാഗമായി ബി.കെ.പി.എൽ. നിലയവുമായി കരാർ ഉണ്ടെങ്കിലും ടി നിലയത്തിൽ നിന്നുമുള്ള വിലകൂടിയ വൈദ്യുതി പരമാവധി ഒഴിവാക്കുന്നതിനാണ് വൈദ്യുതി ബോർഡ് ശ്രമിച്ചുവരുന്നത്.

(സി) 2011 മുതൽ ഫിക്സഡ് ചാർജ്ജ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുംപ്രകാരമാണ്.

| | |
|---|---|
| 2011-12 | 87,04,54,686 രൂപ |
| 2012-13 | 86,42,73,871 രൂപ |
| 2013-14 | 78,97,18,271 രൂപ |
| 2014-15 മെയ് വരെ | 10,74,07,069 രൂപ |

ബി.കെ.പി.എൽ.-മായി 1999 ൽ ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ പ്രകാരം പ്ലാന്റ് 80% ലഭ്യമാണെങ്കിൽ ഫിക്സഡ് ചാർജ്ജ് നൽകേണ്ടതാണ്.

## റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ പ്രോത്സാഹനം

5 (T*335) ശ്രീ. എസ്. ശർമ്മ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ എന്തെല്ലാമാണ് ;

(ബി) റബ്ബർ തടിയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്നറിയിക്കാമോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സംസ്ഥാനത്ത് നിലവിലുള്ള റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മറ്റ് വ്യവസായങ്ങൾക്കു നൽകുന്ന എല്ലാ പ്രോത്സാഹനങ്ങളും റബ്ബർ തടി അധിഷ്ഠിത വ്യവസായങ്ങൾക്കും നൽകിവരുന്നു. സംരംഭക സഹായ പദ്ധതി പ്രകാരം റബ്ബർ തടി വ്യവസായത്തിന് പരമാവധി 30 ലക്ഷം രൂപ വരെ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടായി സ്ഥിരമൂലധനത്തിന് നൽകിവരുന്നുണ്ട്. കൂടാതെ, റബ്ബർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി മഞ്ചേരിയിൽ Common Facility Centre പ്രവർത്തിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly